# KERALA PUBLIC SERVICE COMMISSION
ADDENDUM / ERRATUM NOTIFICATION

No. RA2-3/1/2024-KPSC Dated, Thiruvananthapuram, 24th February 2025

The notification inviting application for the post of High school Teacher(Natural Science) in Education Department was published in the Gazette dated 31.12.2024 as Cat. No. **602/2024 .**

It is hereby notified that in the english version of the notification against serial number 7 , ' Qualifications' , under the subheading 'Exemptions' each paragraphs are serially numbered as i , ii respectively.

The aforesaid notification stands modified to the above extent. All other conditions of the notification remain unchanged.

(By Order of the Commission)

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

കൂട്ടിച്ചേർക്കൽ/തിരുത്തൽ വിജ്ഞാപനം

നമ്പർ: RA2-3/1/2024-KPSC　　　　　　　　　　തിരുവനന്തപുരം, 2025 ഫെബ്രുവരി 24

31.12.2024 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ-602/ 2024 പ്രകാരം പ്രസിദ്ധം ചെയ്ത വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ ടീച്ചർ (നാച്ചറൽ സയൻസ് ) തസ്തികയുടെ വിജ്ഞാപനത്തിലെ മലയാളം പതിപ്പിലെ ക്രമനമ്പർ - 8 താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഇതിനാൽ തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു .

**" 8. പ്രായപരിധി,നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ**

i. നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി GO(MS) No 50/70/PD dated 12.02.1970, GO(MS) No 9/78/GEdn dated 21.01.1978 എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ് മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് [ GO (MS) No.509/64/Edn dated 19.09.1964, GO(MS) No 614/65/Edn dated 09.11.1965 and GO (MS) No 243/66/Edn dated 27.05.1966].

ii. ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ് [ GO(MS)No 50/70/PD dated 12.02.1970 ,GO(MS)No 122/75/ GEdn dated 27.05.1975] .

iii. സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞ പക്ഷം അഞ്ചു വർഷം സർവ്വീസുള്ള ലബോറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല [GO (MS) No 315/62/ GEdn dated 14.05.1962].

iv. ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്[GO(MS)No 185/70/Edn dated 18.04.1970 and GO(MS) No 466/70/Edn dated 11.11.1970]."

മേൽസൂചിത വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

***സാജു ജോർജ്ജ്***

സെക്രട്ടറി

കേരള പബ്ലിക് സർവീസ് കമ്മീഷൻ